# ധ്വനി

# Devamatha HS Paisakary

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

**DIGITAL MAGAZINE**

# ഹർത്താൽ

ഹർത്താലല്ലോ മിന്നുംതാരം
മലയാളികളുടെ മനതാരിൽ
പകുത്തെടുത്ത് പാർട്ടികൾ പലരും
വാർഷിക ഹർത്താൽ ദിവസ്സങ്ങൾ
ബോറടിമാറ്റാൻ പ്രതീഷേധിക്കാൻ
അവകാശം തരികില്ലെന്നോ
ഹർത്താൽ നീക്കം ചെയവതിനെതിരെ
ഉണ്ടേ നാളേയ്കൊരു ഹർത്താൽ
രാഷ്ട്രിയത്തിൽ കുലപതികൾ
ഒറ്റക്കെട്ടാണിക്കാര്യത്തിൽ
പൊതുജനസേവകരെല്ലാരും

*പ്രണവ് കെ.എസ്*
**IX A**

# വാർദ്ധക്യത്തിന്റെ നടുവിലായ് ഞാൻ.......

വാർദ്ധക്യത്തിന്റെ നടുവി-
ലായപ്പോൾ ഞാൻ.....
എന്തെന്നറിയാത്ത
ക്ഷീണവും തളർച്ചയും
ആരും തിരിഞ്ഞുനോക്കാനില്ലാത്തൊരു
കുപ്പത്തൊട്ടിയാണിപ്പോൾ ഞാൻ
കുഞ്ഞായി പിറന്ന കാലം മുതൽ ഞാൻ
നോക്കിവളർത്തിയൊരെൻമകൻ
കരുതലോടെ പ്രതീക്ഷയുമായി
ഞാൻ വളർത്തിയ എൻമക്കൾ
കാലദൈർഘ്യത്തിൽ ഉണങ്ങി
ഒടിഞ്ഞൊരു
വൃക്ഷത്തിന്റെ ശിഖരമാണിന്നും
ഞാനവർക്കും....
എൻ മക്കൾ തൻ ജീവിതത്തിൽ
ഒരു കരടായ് തീർന്നു ഞാൻ.........
എന്തിനിനി ഈ ഭാരം
എന്നു ചിന്തിച്ചൊരെൻ മക്കൾ
ഒഴിവാക്കി എന്നെ അവർ
തൻ ജീവതത്തിൽ നിന്ന്
ഇന്നു ഞാൻ കഴിയുന്നു
പേറിയ ദു:ഖങ്ങളുമായി
വൃദ്ധസദനം തന്നുടെ
വാതിൽക്കലായ്.......

*വിസ്മയ. എ. വി*
*IX-C*

# പുതുമഴ

വർണമേ എൻ വർണമേ
വർണിക്കാമോ ഈ മഴതൻ വർണം
ആടി പാടി വന്ന പുതുമഴ
തുമ്പി താളത്തിൽ നൃത്തമാടുന്നുവോ
കാണാത്ത പൊൻപുലരിയെ എതിരേൽക്കുവാൻ
ചാറിയും പാറിയും പെയ്യുന്നുവോ
നാണമായി ഒന്നു കൈകൊട്ടുക്കുവാൻ
നാണിച്ചു പെയ്യുന്നു പുതുമഴയെ
പ്രകൃതി തനിമയെ സുന്ദരമാക്കുമോ
നിന്റെ ഇതളാൽ പൂവിട്ടുകൊണ്ട്
തുള്ളി പെയ്യുന്ന ഈ പുതുമഴ
പ്രകൃതി തൻ വർണ്ണമാണല്ലോ

*പ്രജ്ജൽ ജോസ്*
***IX A***

# നിസ്സഹായയായ ഭൂമി

നിസ്സഹായതയുടെ പൊരുളായി
സംസാരശേഷി നഷ്ടപ്പെട്ട്
എല്ലാം സഹിച്ച് മൂകയായി
ഇതികർത്തവ്യമൂഢയായി ഞാൻ

എന്റെ മാറ് വെട്ടിപ്പൊളിക്കുമ്പോഴും
പരിഭവമില്ലാതെ പരാതിയില്ലാതെ
എന്റെ മക്കളെ തലോടി
ഒരു കുളിർക്കാറ്റായി ഞാൻ

പാന്ഥരും നാദപുരവുമാവർത്തിച്ച്
എന്നിലേക്ക് കനിഞ്ഞിറങ്ങുന്ന രക്തവും
ഊറ്റിക്കുടിക്കാനോ എന്റെ വിധി
മാപ്പാക്കണോ ഈ മാതൃഹൃദയം ?

എന്റെ മക്കളെ ഹൃദയവേദനയോടെ
ഇനി എത്രനാൾ ഞാനിങ്ങനെ .
സ്നേഹിക്കു പരസ്പരം സോദരരേ
നല്ല നാളയെ പടുത്തുയർത്തു.

*അതുൽ ബിനോയ്*
*IX:A*

# സ്വപ്നലോകം

രാത്രിയിൽ പൊൻകതിർതൂവിയെത്തുംസ്വപ്നം
രാവുണരും നേരമപ്പോൾ
പാരിൽ പുത്തനുണർവിൻ ചൈതന്യമെങ്ങും
സ്വപ്നമായി വന്നു.
ഇരുളിൻ തേരിലേറി വന്നു.
കൺതുറക്കും സ്വപ്നലോകം
കുളിരിൻ നൈർമല്യം ഏറ്റുവാങ്ങാൻ
വന്നു സ്വപ്നശലഭങ്ങൾ
ഉഷസ്സിനെ വരവേൽക്കും ഗീതമായി
പുതുസൗരഭ്യം തൂവിം സ്വപ്നങ്ങൾ
ഉഷസ്സിനെ വരവേൽക്കും
പീച്ചെണ്ടികളായി

*റിയ റോയി*
***IX-C***

# സർവ്വവ്യാപി

**കീശയ്ക്കുള്ളിലൊതുങ്ങും പലവിധ**
**കളറിൽ സുലഭംല മാർക്കറ്റിൽ**
**കളിചിരി വ്രത്താന്തങ്ങളുരയ്ക്കും**
**സന്ദേശങ്ങൾ കൈമാറും**
**ആയുഷ്ക്കാല കാർഡൊരു ട്രെൻഡാ-**
**യകത്തുചേലിൽ തീരുകീട്ടും**
**തലമുറഹൃഭേദം കൂടാതാരിം**
**ഇഷ്ടപ്പെട്ടുമുവനാണ്**
**മൊബൈൽ**

***ജിതിൻ ആനന്ദ്***
***IX- A***

# കേരളഗാനം

ജയ ജയ കോമള കേരളധരണി
ജയ ജയ മാമക പൂജിത ജനനി
മലയജ സുരഭില മാരുതനേൽക്കും
മലയാളം ഹാ മാമകരാജ്യം
കല വകതന്തനികരങ്ങൾ നിരക്കാം
കല വകഭ്രവാണ്ണെന്നുടെ രാജ്യം
കളകളമൊതിയിണങ്ങിവരുന്നൊരു
സലില സമൃദ്ധം മാമകരാജ്യം
തഞ്ചശകികളെ കണ്ഠനിനാദം
തഞ്ചും മാമക മലയാളത്തിൽ
മാമകമോഹം മാമകഗേഹം
മാമകനാകം മാമക വിലയം

*അശ്വൻ രവീന്ദ്രൻ*
*IX-C*

# പച്ചപ്പ്

പച്ചപ്പിൻ തളിർപ്പുകൾ
വളരും പ്രകൃതിയിൽ
തളിരിട്ടുമൊ മുകുളങ്ങൾ
വാടിക്കൊഴിയുന്നു മറ്റിലകൾ

ഇത്തിരിയുണ്ടെന്റെയുള്ളിലും നിറയുന്ന
പച്ചപ്പിനോടുള്ള പറയാത്ത സ്നേഹം
വന്യമാം കാടിന്നകം ശാന്തമായി
നോക്കിയാലറിയാം പ്രകൃതിതാളം

പകലന്തിയോളം തെളിയുന്ന സൂര്യൻ
കത്തുന്ന കൊടും വേനലിൽ
പുകയുന്നകവും പുറവും
തീജ്വാലകളെരിയും പോലെ

വരും തലമുറ നശിപ്പിക്കതേ
ഈ നാടും മേടും പച്ചപ്പും
അതിനായിട്ടിത്തിരിയാർത്തി കളഞ്ഞലും
അതിനുമേലുണ്ടോ മറ്റുപുണ്യം

*അഞ്ജന. സി*
*IX-C*

# പൊൻപുലരി

പുലരിയിൽ പൊൻകതിർതൂവിയെത്തും
സൂര്യനുണരും നേരമപ്പോൾ
പാരിൻ പുത്തനുണർവിൻ ചൈതന്യ-
മെങ്ങും കാണായി വന്നു
ഉഷസ്സിൻ നൈർമല്യം ഏറ്റുവാങ്ങാൻ
കൺതുറക്കും ചെറു കുസുമങ്ങളും
നറുമധു ഉണ്ണുവാൻ കൊതിയോടെ
പാറും കരിവണ്ടുകളും കാണായ്
കിളികൾതൻ കളകള പൂജനങ്ങൾ
ഉഷസ്സിനെ വരവേൽക്കും ഗീതമായി
പുതുസൗരഭ്യം തൂവും കുസുകങ്ങൾ
ഉഷസ്സിനെ വരവേൽക്കും പൂച്ചെണ്ടുകളായ്

*മേഘ എം.വി*
**IX A**

# മയിൽ

മയിലേ മയിലേ പൂമയിലേ
പീലിവിടർത്തി ആടാമോ ?....
കാർമേഘങ്ങൾ വന്നണയുമ്പോൾ
പീലിവിടർത്തി തുള്ളാമോ ?
മയിലാട്ടങ്ങൾ കാണാനായ്
വന്നണയുന്നു എല്ലാരും
മയിലേ മയിലേ പൂമയിലേ
പീലിവിടർത്തി ആടാമോ ?


*അഞ്ജുഷ ഷാജി*

***IX B***

# മുത്തശ്ശി

മുറ്റത്തൊരു പുല്ലുമുളച്ചു
മുത്തശ്ശിയെയോർത്തു ഞാൻ
കാലം ചെത്തിക്കോരുകിലും
ഇത്തിരിയാം വേരിൽ നിന്നും
മുറ്റിയുയിർക്കും വാത്സല്യം
ഇത്തിരിവറ്റും ഒത്തിരിവെള്ളം
ഉപ്പിട്ടാറ്റിയ കഞ്ഞി
കുട്ടികളുടെ കുമ്പനിറയ്ക്കാൻ
കഷ്ടപ്പെട്ടൊരു വാത്സല്യം
മുത്തശ്ശിയാം ജീവിതം

അമൽ എ. കെ

# മഴനനഞ്ഞൊരെൻ ബാല്യം

ജീവിതം മൊട്ടിട്ടുയർന്നു
ചെറുകുമോരോ മഴക്കും പിന്നെ
എവിടെയോ പോയൊളിക്കും
കാശിത്തുമ്പൂളല്ലോ നമ്മൾ
മഴവരുംനേരമാർത്തു വിളിച്ച്
നനഞ്ഞൊരെൻ ബാല്യം
ഒക്കെ കണ്ടൊരു ചിരിയാർന്നു നിൽക്കുമെന്ന്
തേന്മാവു മുത്തശ്ശി പഴങ്ങളാൽ എന്നെ
ഒരുപാടു സല്കരിച്ചിരുന്നു

*ആഷാമോൾ റോയി*
*IX B*

# പ്രഭാതമായ്

നക്ഷത്രപ്പട്ടും പുടവയും
അമ്പിളിത്തിലകവും
മിന്നാമിന്നി പൂമാലയുമായ്
ആകാശം ആമ്പൽപാളികളോടത്ത്
പോൻപുവരിക്കായ് കാത്തിരുന്ന
നാണത്താൽ ചോന്ന തുടുത്തു
മന്ദമണഞ്ഞ പുലരിയിലൂടെ
സീമന്തരേഖയിൽ
സൂര്യ തിലകം ചാർത്തി
ആകാശമവളെ സുമങ്കലിയാക്കി

*ആൻ മരിയ എൻ.എം*
***IX B***

# ദുഷ്ടനായ ധനികൻ

ഒരു  പട്ടണത്തിൽ ധനികനായ ഒരു മനുഷ്യൻ ജീവിച്ചിരുന്നു.അയാൾ മറ്റുള്ളവരെ പറ്റിച്ചും തട്ടിച്ചും പണം ഉണ്ടാക്കാൻ മിടുക്കനായിരുന്നു.അങ്ങനെ ഒരു മുനി അയാളുടെ വീട്ടിൽ എത്തി.മുനി ധനികനോട് കൂടുതൽ സംസാരിക്കുകയും ചെയ്തു.എന്നാൽ ധനികൻ മുനിയുടെ സഞ്ചിയിലായിരുന്നു നോട്ടം.മുനിയെ വീട്ടിൽ ഉറങ്ങാൻ നിർബന്ധിച്ചതിനു ശേഷം മുനിയിടെ തലക്കടിച്ച് കൊന്നു.മുനിയുടെ സഞ്ചിയിൽ ഒന്നുമില്ല.ധനികൻ നിസ്സഹായനായിതിർന്നു.കുറച്ചുവർഷങ്ങൾക്കുശേഷം ഒരു മകൻ ആ മനുഷ്യനുണ്ടായി.ആ പട്ടണത്തിലെ മിടുക്കൻ. അവന് മാറാരോഗം പിടിപെട്ടു.ധനികന് ജനിച്ച മകൻ ധനികൻ കോന്നുകളഞ്ഞ മുനിയായിരുന്നു.ധനികനെ ഒരു പാഠം പഠിപ്പിക്കാൻ പുനർജന്മം എടുത്ത് വന്നതായിരുന്നു.ധനികന്റെ തെറ്റ് മനസിലായി.

*ജോയൽ കുരുവിള*
*IX B*

# കൃഷിയാണുധനം

പണ്ട് പണ്ട് ഒരു ഗ്രാമത്തിൽ ഒരു അച്ഛനും അമ്മയും മകനും അടങ്ങുന്ന കുടുംബം ജീവിച്ചിരുന്നു.അച്ഛൻ നല്ല അധ്വാനിയായിരുന്നു.അയ്യാൾ ധാരാളം പച്ചക്കറികളും ഫലങ്ങളും കൃഷിചെയിതിരുന്നു.അയ്യാളുടെ മകനാട്ടെ എല്ലാ കാര്യങ്ങളിലും മടിയായിരുന്നു.അവൻ അച്ഛനെപോലെ പണിയെടുക്കുമായിരുന്നില്ല.അച്ഛനാണ് കുടുമ്പം പുലരത്താനുള്ള പണമൊക്കെയുണ്ടാക്കിയിരുന്നത്.അങ്ങനെയിരിക്കെ അവന്റെ അച്ഛന് മാരകമായ രോഗം പിടിപെട്ടു.അദേഹത്തിന് കുറച്ചുദിവസം മാത്രം ജീവിച്ചിക്കാനുള്ള ആയുസ്സെ ഉണ്ടായിരുന്നുള്ളു.അങ്ങനെ ഒരു ദിവസം അയ്യാൾ മകനെ വിളിച്ചിട്ട് പറഞ്ഞു നമ്മുടെ കൃഷിത്തോട്ടത്തിൽ ഞാനൊരു നിധികുഴിച്ചിട്ടിട്ടുണ്ട് അതുകേൾക്കേണ്ട താമസം അവൻ തൂമ്പയും പിക്കാസുനെടുത്ത് കൃഷിയിടം കിളയ്ക്കാൻ തുടങ്ങി .എത്ര കിളച്ചിട്ടും അവന് ആ നിധി കിട്ടിയില്ല.അതിന്റെ നിരാശയിൽ അവൻ പിൻമാറി.പിറ്റെദിവസം നല്ല മഴ പെയ്തു.മണ്ണിലേക്ക് ജലം ആഴ്ന്നിറങ്ങി.രണ്ടുമൂന്നു ആഴ്ച്ചയ്ക്ക് ശേഷം അവൻ കൃഷിത്തോട്ടത്തിൽ നോക്കുമ്പോൾ തോട്ടമാകെ കായിച്ചിരിക്കുന്നു. അപ്പോഴാണ് അവന് അച്ഛൻ പറഞ്ഞതിന്റെ പൊരുൾ മനസ്സിലായത്.പിന്നീട് അവൻ ആ കായ്കൾ വിറ്റതിലൂടെ
അവന് ധാരാള് പണം ലഭിച്ചു.പിന്നീട് മുതൽ അവൻ കൃഷിചെയ്തു സന്തോഷത്തോടെ ജീവിച്ചു.

*വിനായക്. കെ കെ*
***IX-C***

# സംസാരിക്കുന്ന പാറ

ഒരിക്കൽ ഒരു കുറുക്കൻ വിശന്ന്
വലഞ്ഞ് കാട്ടിൽക്കൂടി നടക്കുകയായിരുന്നു.
കുറെ നേരമായി അന്വേഷിക്കുന്നെങ്കിലും
അവന് ഒന്നും കിട്ടിയില്ല.ഒരു മുയൽ എങ്കിലും ഇതുവഴി
വന്നിരുന്നെങ്കിൽ എന്ന് അവൻ ആഗ്രഹിച്ചു.പെട്ടന്നാണ് അവൻ
ഒരു പാറ കാണുന്നത്.അവിടെ ആരെങ്കിലും താമസമുണ്ടെന്ന്
കരുതി അവൻ കാത്തിരുന്നു.ഏറെനേരം കഴിഞ്ഞിട്ടും അവിടെ
ആരെയും കാണാത്തതിനാൽ അവൻ പാറയ്ക്കുള്ളിൽ
തിങ്ങികയറി ഇരുന്നു.ആ നേരമാണ് കാട്ടുപൂവൻ
തിരികെയെത്തുന്നത് .ആരുടെയോ കാൽപ്പാടുകൾ തന്റെ കൂടിന്
സമീപം കണ്ട പൂവൻ ഒരു ബുദ്ധി പ്രയോഗിച്ചു.അല്ലയോ പാറയെ
ഞാൻ വരുമ്പോൾ നീയെന്ന അഭിസംബോധന ചെയ്ത്
സ്വീകരിക്കാറുണ്ടല്ലോ.നീ എന്നെ കണ്ടില്ലേ...............
അകത്തിരിക്കുന്ന കുറുക്കൻ പാറ
സംസാരിക്കാതെയിരിക്കുന്നതിനാൽ പൂവൻ തിരിച്ചു പോകുമെന്ന്
കരുതി ഉറക്കെ പറഞ്ഞു,ഞാൻ കണ്ടിരിക്കുന്നു നീ അകത്തേക്ക്
വന്നാലും .ബുദ്ധിമാനായ പൂവൻ അത് കുറുക്കന്റെ ശബ്ദമാണെന്ന്
തിരിച്ചറിഞ്ഞ് അവിടെ നിന്ന് രക്ഷപ്പെട്ടു.കുറുക്കൻ
പാറയ്ക്കുള്ളിൽനിന്ന് ഇറങ്ങാനാവാതെ കുടുങ്ങിപ്പോയി.വിശന്ന്
വലഞ്ഞ് ആ പാറയ്ക്കുള്ളിൽ കിടന്ന് കുറുക്കൻ ചത്തുപോയി.

*അനീറ്റ സാജു*
*IX A*

# കിട്ടിയതിൽ പാതി

കള്ളൻ ഗ്രമ്മു മോഷ്ടിക്കാനായി ഒരു വലിയ വീട് കണ്ടുപിടിച്ചു.രാത്രിയിൽ അവിടെ മോഷ്ടിക്കാൻ എത്തിയപ്പോൾ അതാ മറ്റൊരു കള്ളൻ.തിമ്മു,ഹും ഞനിവിടെ മോഷ്ടിക്കും.നീ ഇവിടെ നിന്ന് പോ.അവർ തമ്മിൽ തർക്കമായി.ഒടുവിൽ ഗ്രമ്മു പറഞ്ഞു ഞാൻ കയറി മോഷ്ടിക്കാം കിട്ടുന്നതിൽ പാതി തന്നേക്കാം. അതു കേട്ടു സന്തോഷത്തോടെ തിമ്മു പറഞ്ഞു ,ശരി.തിമ്മു പുറത്തുനിന്ന .ഗ്രമ്മു മതിലു ചാടി അകത്ത് കടന്നു.അൽപ്പം കഴിഞ്ഞപ്പോൾ ഗ്രമ്മു തിരിച്ചെത്തി.എന്നിട്ട് തിമ്മിുവിന്റെ കയ്യിൽ പിടിച്ച് ഒറ്റക്കടി. ഹയ്യോ ഇതെന്താ? കിട്ടിയതിൽ പാതി തന്നെ തന്നതാ.അവിടുത്തെ പട്ടി എന്നെ രണ്ട് തവണ കടിച്ചു.അതിന്റെ പാതി നിനക്ക് തന്നതാ ഒന്ന്.ശേഷം ഇരുവരും പിരിഞ്ഞു.

*ഗോഡ് വിൻ*
**IX A**

# വിദ്യാലയം

ആദ്യാക്ഷരം ചൊല്ലിത്തന്നൊരു വിദ്യാലയം
നാടിനെ പടുത്തുയർത്തുവാൻ താങ്ങായി
നിന്നതും വിദ്യാലയം
അമ്മയെപ്പോലെ പരിപാലനവും
അഛനെപോലെ ശിക്ഷണവും തന്ന്
എന്നെ വളർത്തിയൊരു വിദ്യാലയം.
പൂമലർ സുഗന്ധം പകരും പോലെ
സൗഹൃദത്തിൽ സുഗന്ധം പകർന്ന-
ന്റെ,കൂട്ടുകാർ ഇന്നിതാ വിദ്യാലയത്തിൽ
ഞാനെന്നയാളെ പടുത്തുയർത്തി
ഞാനെന്ന വ്യക്തിത്വത്തിനു രൂപം ന-
ൽകി, എന്നെ വാർത്തെടുത്തൊരു
വിദ്യാലയം......
എന്റെ വിദ്യാലയം.........

*അൽന സണ്ണി*
*IX-A*

# ഓർമ്മകൾ

ഓർമ്മകൾ അയവിറക്കി ഞാൻ നടന്നു
ആ മധുര സ്മരണകൾ മുഴക്കി ഞാൻ അലഞ്ഞു.
വീണ്ടും കേൾക്കുന്നു ആ മധുരഗാനം
ദൈവമേ ഇതു യഥാർത്ഥ്യമോ?
മിഥ്യയോ സ്വപ്നമേ പൂവണിയുകയാണോ
ആകാലത്തേക്ക് തിരികെ പോകാൻ
എൻ മനം കൊതിക്കുന്നു.
കൈ കോർത്ത് പിടിച്ച് വീണം വീഴിച്ചും
ഓടിത്തീർത്ത ആ കാലം
നമ്മുടെ ബാല്യകാലം
കാലത്തിൻ  പരവതാനീ എന്നെ വീണ്ടും വെറുപ്പാക്കി!
മിഴികളിൽ അമ്പരപ്പും മൊഴികളിൽ കൊഞ്ചലും
നിഷ്ക്കളങ്കത നിറഞ്ഞ ആ കൊച്ചു മാലാഖ
നാമേവരുടേയും മനസിന്റെ പ്രതീകമാണ്
കുസൃതിയുടെ കൈപിടിച്ച് നീ എനിക്ക് സമ്മാനിച്ച രാവുകൾ
ഇന്നുമെൻ സ്വപ്നങ്ങളിൽ മുങ്ങി നിൽപ്പൂ

*ഡോണാ മാത്യൂ*
***IX- A***

# അമ്മ

തോരാതെ പെയ്യുന്ന കൊതി തീരാതെ
പെയ്യുന്ന തേൻമഴയാണെന്നമ്മ
വാക്കിൽ വാത്സല്യമായ് നോക്കിൽ ദയയായ്
കർമ്മ കാരുണ്യമാണമ്മ

സ്പർശത്തിൽ മൃദുലതയായ്
ത്യാഗത്തിൻ മാധുര്യമായ്
കടൽ പോൽ ഒഴുകുന്നവളാണെന്നമ്മ
പുഞ്ചിരി തൂകി അരികിലണയുന്ന
സ്നേഹവിളക്കാണമ്മ
എന്റെ കണ്ണാടിയാണെന്നമ്മ
എന്റെ മിഴിനിറഞ്ഞാൽ ഇടറുന്ന
വാത്സല്യമായ് വാരിപ്പുണർന്നിടുന്ന
എന്നെ മാറോട് ചേർത്തണക്കുന്ന
ഉമ്മ വയ്ക്കുന്ന
പാൽ നിലാവാണെന്നമ്മ
എന്നും എരിയുന്ന നാളമാണെന്നമ്മ
എന്റെ സൗഭാഗ്യമാണെന്നമ്മ

*സോഫ്റ്റിൻ ടോം*
***IX B***

# പ്രകൃതി

വശ്യസുന്ദരമാണെൻ പ്രകൃതി
മുറ്റത്ത് രാവിലെ  കിളിയുടെ
കളകൂജനം കേൾക്കുവാൻ
മുറ്റത്ത് വിരിഞ്ഞ പൂവിന്റെ ഗന്ധം ശ്വസിക്കുവാൻ
വൃക്ഷത്തിന്റെയും സസ്യത്തിന്റെയും
പച്ചപ്പ് ആസ്വദിക്കാൻ
കേരം തിങ്ങിയ നാട്ടിലെ ഇളം
കാറ്റാസ്വദിക്കുവാൻ
ഈ മണ്ണിന്റെ ഗന്ധവും
ശുദ്ധവായുവും ശ്വസിക്കുവാൻ
ഇനികാണുമോ ഈ
സുന്ദര പ്രകൃതി മായുന്ന
ലോകത്തിൽ ഇനിയീ
പ്രകൃതി കണുമോ.

ഹൃഷികേശ്.എൻ.എസ്
IX–C

# THANK

# YOU